**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കൊല്ലം തുറമുഖത്തെ VTMS തകരാർ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് AIS സ്ഥാപിച്ച പ്രവർത്തിക്ക് ഭരണാനുമതി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ)നം. **123/2024**/മതുവ തിരുവനന്തപുരം, തീയതി: **27-02-2024**

പരാമർശം: കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04/01/2024 തീയതിയിലെ HOKMB-TVM/642/2023-D1(Tech) നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം തുറമുഖത്തിന്റെ ISPS Statement of Compliance Certificate വാലിഡിറ്റി 07/12/2023 തീയതിയിൽ അവസാനിക്കുന്നതിനാൽ കൊല്ലം തുറമുഖത്തിന് Full term ISPS Certificate ലഭ്യമാക്കുന്നതിന് VTMS തകരാർ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് AIS സ്ഥാപിച്ച കൊല്ലം തുറമുഖ ഓഫീസറുടെ പ്രവർത്തി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് കേരള മാരിടൈം ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും 3,56,360/- രൂപ കൊല്ലം തുറമുഖ ഓഫീസർക്ക് അനുവദിച്ച നൽകിയ കൊല്ലം തുറമുഖ ഓഫീസറുടെ പ്രവർത്തി സാധൂകരിച്ച് ടി പ്രവർത്തിക്കുള്ള 3,56,360/- രൂപയുടെ ഭരണാനുമതിയും ഫണ്ടും കൊല്ലം തുറമുഖ ഓഫീസർക്ക് 5051-02-200-81 തങ്കശ്ശേരി തുറമുഖ വികസനം" എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം തുറമുഖത്തിന് Full term ISPS Certificate ലഭ്യമാക്കുന്നതിന് VTMS തകരാർ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് AIS സ്ഥാപിച്ച കൊല്ലം തുറമുഖ ഓഫീസറുടെ പ്രവർത്തി സാധൂകരിച്ച് ടി പ്രവർത്തിക്കുള്ള തുകയായ 3,56,360/-(മൂന്ന് ലക്ഷത്തി അൻപത്തി ആറായിരത്തി മുന്നൂറ്റി അറുപത് രൂപ മാത്രം) രൂപയുടെ ഭരണാനുമതി അനുവദിച്ച് ഉത്തരവാകുന്നു. ഇതിനുവേണ്ട ഫണ്ട് 5051-02-200-81-തങ്കശ്ശേരി തുറമുഖ വികസനം എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**
**അഡീഷണൽ സെക്രട്ടറി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിലേയ്ക്കായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ